# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 427 – 03/03/2020 - ലെ മറുപടിക്ക്

## സർഫാസി നിയമം


ചോദ്യം

ശ്രീ. ഐ.സി.ബാലകൃഷ്ണൻ

ശ്രീ. പി.ടി. തോമസ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സണ്ണി ജോസഫ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർഫാസി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ സാധാരണക്കാരായ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്നത് വസ്തുതയല്ലേ; | സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി നടപടികൾ സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | കിട്ടാക്കടം തിരിച്ച് പിടിക്കുന്നതിന് കിടപ്പാടം ഉൾപ്പെടെ ബാങ്കുകൾ ജപ്തി ചെയ്യുമ്പോൾ സർക്കാരിന് ഇടപെടാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടോ; | സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. ബാങ്കുകളുടെ കിട്ടാക്കടം തിരിച്ച് പിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന സർഫാസി ആക്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ന് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ലെ പ്രമേയം മുഖേന ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രമേയം 20.11.2017 ന് കേന്ദ്രസർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചു കൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി യാതൊരു |

| | | |
|---|---|---|
| | | മറുപടിയും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഡി) | സർഫാസി നിയമം സംബന്ധിച്ച് കേരളനിയമസഭയുടെ പ്രത്യേക സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സർഫാസി നിയമം സംബന്ധിച്ച കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**